"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ ജീവനക്കാര്യം - തിരുവനന്തപുരം - പാറശ്ശാല ഉപജില്ലയിലെ കുതാളി ഈശ്വരവിലാസം യു.പി. സ്കൂൾ മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2961/2026/GEDN തീയതി,തിരുവനന്തപുരം, 29-04-2026

---

പരാമർശം:-

1. കുതാളി ഇ.വി.യു.പി. സ്കൂൾ മാനേജർ സമർപ്പിച്ച 20/06/2025-ലെ റിവിഷൻ ഹർജി.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 06/08/2025-ലെ എസ്.സി.2/15195/2025/ഡിജിഇ നമ്പർ കത്ത്.
3. തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 07/08/2025-ലെ ഡിഡിഇ/3283/2025-ബി5 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ ഈശ്വരവിലാസം യു.പി. സ്കൂൾ മാനേജർ സമർപ്പിച്ച റിവിഷൻ ഹർജിയിന്മേൽ 08/08/2015 തീയതിയിൽ ബന്ധപ്പെട്ട കക്ഷികളുടെ വാദം കേട്ടു. കുതാളി ഇ.വി.യു.പി.എസ്.-ൽ സൂപ്പർ ചെക്ക് പരിശോധനയെ തുടർന്ന് ഒരു ഡിവിഷനും തസ്തികയും കുറവ് ചെയ്ത പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്ക് എതിരെയാണ് ഹർജി സമർപ്പിച്ചിരിക്കുന്നത്.

2. മാനേജരുടെ വാദം:

പാറശാല ഉപജില്ലയിലെ കുതാളി ഈശ്വരവിലാസം യു.പി. സ്കൂൾ 1963 മുതൽ പ്രവർത്തിച്ച വരുന്ന ഒരു എയ്ഡഡ് സ്കൂളാണ്. സ്കൂളിൽ 5, 6, 7 ക്ലാസുകളിൽ ഓരോന്നിലും 2 ഡിവിഷനുകൾ മാത്രമാണ് ഉള്ളത്. ഒരു ഹെഡ്മാസ്റ്ററും 5 അധ്യാപകരും പ്രവർത്തിച്ച വരികയും ചെയ്യുന്നു. ഇതിൽ ഏറ്റവും ജൂനിയറായ ശ്രീമതി വിദ്യ എൽ.-ന് 01/06/2017 മുതൽ തുടർച്ചയായി സർവീസും ഉണ്ട്.

2024-25 വർഷം സ്കൂൾ അടയ്ക്കാറാകുന്നതിന് തൊട്ടുമുൻപ് അതായത് 20/02/2025, 14/03/2025 എന്നീ ദിവസങ്ങളിലായി സ്കൂളിൽ സൂപ്പർ ചെക്ക് സെൽ പരിശോധന നടത്തുകയും 6-ാം പ്രവർത്തി ദിനത്തിന് ശേഷം 7-ാം ക്ലാസിലെ ഒരു കുട്ടിയെ (അതായത് അഡ്മിഷൻ നമ്പർ 6670 ആയ മുഹമ്മദ് യാസീൻ എച്ച്. നെ) 04/10/2024ന് റോളിൽ നിന്നും നീക്കം ചെയ്തു എന്ന കാരണത്താൽ ഒരു ക്ലാസ് ഡിവിഷനും നിലനിന്ന ഒരു യു.പി.എസ്.ടി തസ്തികയും കുറവ് ചെയ്തു. ഇതുമൂലം 7 വർഷ സർവീസുള്ള ശ്രീമതി വിദ്യ എൽ. എന്ന ജൂനിയർ അധ്യാപിക ജോലി നഷ്ടപ്പെട്ട് പുറത്താവുകയും ചെയ്തു. മറ്റ് ക്ലാസുകളിൽ അതായത് 5 ലും 6 ലും രണ്ട്

പരിശോധന ദിവസങ്ങളിലും പൊതുവായി ഹാജരാവാതിരുന്ന കുട്ടികളെയും റ്റി.സി വാങ്ങി പോയവരെയും റോളിൽ നിന്നും നീക്കം ചെയ്തവരെയും ഒഴിവാക്കി തസ്തിക പുനർനിർണയിച്ചെങ്കിലും അത് നിലനിന്ന ഡിവിഷനുകളെയോ തസ്തികകളെയോ ബാധിച്ചില്ല.

7-ാം ക്ലാസിൽ 6-ാം പ്രവർത്തി ദിവസം 36 കുട്ടികൾ ഉണ്ടായിരുന്നു. ഇതിൽ അഞ്ച് കുട്ടികൾ രണ്ടു പരിശോധന ദിവസങ്ങളിലും ഹാജരായില്ല എന്ന കാരണത്താലും ഒരു കുട്ടിയെ റിമൂവ് ചെയ്തു എന്ന കാരണത്താലും ആകെ 6 കുട്ടികളെ ഒഴിവാക്കി ഇഫക്റ്റീവ് സ്ട്രെങ്ത് 35 ആയാലും റിമൂവ് ചെയ്ത ഒരു കുട്ടിയെ ഒഴിവാക്കുമ്പോൾ ഒരു ഡിവിഷനു മാത്രമേ അർഹതയുള്ളൂ എന്നാണ് ഉത്തരവിൽ പറയുന്നത്. അതായത് ഒരു കുട്ടിയെ റോളിൽ നിന്നും നീക്കം ചെയ്തുകൊണ്ട് മാത്രം ഒരു തസ്തിക നഷ്ടമാകുന്ന സ്ഥിതിയുണ്ടായി. നീക്കം ചെയ്ത മുഹമ്മദ് യാസീൻ എച്ച്. എന്ന കുട്ടി 5-ാം ക്ലാസ് മുതൽ സ്കൂളിൽ പഠിച്ചു വന്നയാളും 6 ലും 7 ലും പഠനം തുടർന്നുവന്ന കുട്ടിയുമായിരുന്നു. 2024 ഓഗസ്റ്റ് മാസം വരെ ഹാജരാവുകയും ചെയ്തിരുന്നു. മാതാപിതാക്കൾ കന്യാകുമാരി ജില്ലയിലേക്ക് താമസം മാറിയതിനാൽ ആണ് അവന് തുടർന്ന് സ്കൂളിൽ വരാൻ കഴിയാതിരുന്നതും റോളിൽ നിന്നും നീക്കം ചെയ്യേണ്ടി വന്നതും എന്ന കാര്യം ബോധിപ്പിക്കുന്നു. 24/08/2024 മുതൽ കുട്ടി കളിയിക്കാവിള ബഥനി ഇസ്ലാംമെട്രിക് എച്ച്.എസ്.എസ്.-ൽ ചേർന്ന് പഠനം തുടരുന്നു.

KER അധ്യായം XXIII റൂൾ 12 B പ്രകാരം ഓരോ വർഷത്തെയും തസ്തിക നിർണയത്തിന്റെ പ്രാബല്യ തീയതി ജൂലൈ 15 ആയി നിജപ്പെടുത്തിയിരിക്കുന്നു. സ്കൂൾ വർഷ ആരംഭം മുതൽ അധ്യയന വർഷം അവസാനിക്കുന്നതുവരെ കുട്ടികൾക്ക് തുടർച്ചയായ പഠനം ഉറപ്പുവരുത്തുന്നതിനു അധ്യാപകന്റെ സേവനം ഇടതടവില്ലാതെ ലഭ്യമാക്കുക എന്നതാണ് ചട്ടം 12 ബി യുടെ ഉദ്ദേശ്യ ലക്ഷ്യം.

18/04/2022 ലെ G.O.(P)No.5/2022/GEDN (S.R.O നമ്പർ 375/2022) പ്രകാരം ചട്ടം XXIII യിൽ വരുത്തിയ ഭേദഗതി വ്യാജമായി റോൾ സ്ട്രെങ്ത് പെരുപ്പിച്ചുകാട്ടി അനർഹമായ ഡിവിഷനുകളും തസ്തികയും നേടിയെടുക്കുന്നത് തടയുക എന്ന് ലക്ഷ്യം ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ്. അതായത് 6-ാം സാധ്യായ ദിവസത്തിനും തുടർന്നുള്ള ജനുവരി 31 നും ഇടയിൽ മതിയായ കാരണം ഇല്ലാതെ കുട്ടികളുടെ എണ്ണം ക്രമാതീതമായി കുറയുന്ന അവസ്ഥയിൽ വ്യാജമായി ചേർത്തിട്ടുള്ള കുട്ടികളെ ഒഴിവാക്കി തസ്തിക പുനർനിർണയം ചെയ്യുക എന്ന രീതി.

ചട്ടം ഭേദഗതിയുടെ ഉദ്ദേശ്യലക്ഷ്യം വ്യക്തമാക്കുന്ന Explanatory note-ൽ പറഞ്ഞിരിക്കുന്നത് ഇങ്ങനെ:

"It is necessary to take measures to curb the practice of creating additional divisions and posts with bogus admissions and forged attendance. Government have decided to sanction additional posts only after a thorough verification in the manner decided by the Government. It has been decided to sanction additional divisions and posts only with effect from 1st October of the year and to reduce the divisions and posts whenever already sanctioned staff strength is affected by the fall in the pupil strength on rolls without sufficient reason at any time during the academic year up to 31 January."

സ്കൂളിൽ ഒരു കുട്ടിയെ പോലും വ്യാജമായി ചേർക്കുകയോ എണ്ണം പെരുപ്പിച്ചുകാട്ടി ഡിവിഷനോ തസ്തികയോ നിലനിർത്തുകയോ അധിക തസ്തിക നേടുകയോ ചെയ്തിട്ടില്ല. വർഷാന്ത്യത്തിൽ പരിശോധന നടന്നതിനാലും മോഡൽ പരീക്ഷയുടെയും വർഷാന്ത്യ പരീക്ഷയുടെയും ഇടയിൽ ആയതിനാലാണ് പരീക്ഷ ദിവസങ്ങളിൽ കുറച്ചു കുട്ടികൾ

ഹാജരാകാതിരുന്നത്. ഇവയെല്ലാം പരിശോധന ദിവസങ്ങളിൽ ഇല്ലാതിരുന്നെങ്കിലും തുടർന്ന് സ്ഥിരമായി ഹാജരാവുകയും വർഷാന്ത്യ പരീക്ഷ എഴുതി പ്രമോഷൻ ലഭിച്ച അടുത്ത ക്ലാസുകളിൽ തുടർപഠനം നടത്തി വരികയും ചെയ്യുന്നു. ഇക്കാര്യങ്ങൾ എല്ലാം ഡയറക്ടറി ബോധ്യപ്പെടുത്തിയിട്ടുള്ളതുമാണ്. ഇവരുടെ എണ്ണം ഒഴിവാക്കിയിട്ടു പോലും ഡിവിഷനോ തസ്തികകളോ ബാധിച്ചിട്ടുമില്ല. 7-ാം ക്ലാസ്സിൽ ഒക്ടോബർ മാസത്തിൽ കേവലം ഒരു കുട്ടിയെ മതിയായ കാരണത്തിന്റെ അടിസ്ഥാനത്തിൽ റോളിൽ നിന്നും നീക്കി എന്ന സ്വാഭാവിക നടപടി സ്വീകരിച്ചു എന്ന ഒറ്റ കാരണത്താലാണ് 7-ാം ക്ലാസിൽ ഒരു ഡിവിഷനും തസ്തികയും കുറവ് ചെയ്തിരിക്കുന്നത്. ഇക്കാരണത്താൽ വർഷങ്ങളായി ജോലി ചെയ്തിരുന്ന ഒരു അധ്യാപിക പുറത്താവുകയും ചെയ്തിരുന്നു. സൂപ്പർ ചെക്ക് സെൽ പരിശോധന നടന്നത് വർഷാന്ത്യമായ ഫെബ്രുവരി അവസാനത്തിലും മാർച്ച് മധ്യത്തിലുമാണ് എന്നതും അന്തിമ ഉത്തരവ് ഇറങ്ങിയത് സ്കൂൾ വർഷം അവസാനിച്ച ശേഷമാണെന്ന് (അതായത് 21/05/2025-ൽ) വസ്തുതയും വ്യാജ അഡ്മിഷനോ കൃത്രിമ ഹാജർ ചമയ്ക്കലോ ഉണ്ടായിട്ടില്ല എന്നും 7 വർഷത്തിലധികം സർവീസ് ഉള്ള ഒരു അധ്യാപിക കേവലം ഒരു കുട്ടിയെ റോളിൽ നിന്നും നീക്കി എന്ന കാരണത്താൽ പുറത്താകുന്ന അവസ്ഥ ഒഴിവാക്കുന്നതിലേക്കുമായി അപ്പീൽ അപേക്ഷ അനുവദിക്കണമെന്ന് അപേക്ഷിക്കുന്നു. വിശിഷ്യാ നീക്കം ചെയ്ത കുട്ടി തമിഴ്നാട് സ്കൂളിൽ ചേർന്ന് പഠിക്കുന്നു എന്ന വസ്തുത കൂടി കണക്കിലെടുക്കണമെന്ന് പ്രത്യേകമായി അഭ്യർത്ഥിക്കുന്നു.

3. വിദ്യാഭ്യാസ ഓഫീസർമാർ താഴെപ്പറയും പ്രകാരം വാദിച്ചു.

പാറശാല ഉപജില്ലയിലെ കുതാളി ഇ.വി.യു.പി. സ്കൂളിൽ അനധികൃത മാർഗ്ഗത്തിലൂടെ കുട്ടികളെ ചേർത്ത് അധിക ഡിവിഷനും തസ്തികയും സൃഷ്ടിച്ചതായി പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സൂപ്പർ ചെക്ക് സെൽ 20/02/2025, 14/03/2025 തീയതികളിൽ നടത്തിയ ആകസ്മിക പരിശോധന നടത്തുകയുണ്ടായി. ഒന്നാം പരിശോധന ദിവസം 23 കുട്ടികളും രണ്ടാം പരിശോധന ദിവസം 91 കുട്ടികളും ഹാജരായിരുന്നില്ല. രണ്ട് പരിശോധനകളിലും കൂടി പൊതുവിൽ 13 കുട്ടികൾ ഹാജരായിരുന്നില്ല, ആറാം സാധ്യായ ദിവസത്തിന് ശേഷം 1 കുട്ടിക്ക് റ്റി.സി. അനുവദിക്കുകയും, 3 കുട്ടികളെ റിമൂവ് ചെയ്യുകയും ചെയ്തിട്ടുണ്ട്. തുടർന്ന് വ്യാജ അഡ്മിഷൻ ഒഴിവാക്കി തസ്തിക പുനഃനിർണ്ണയം നടത്തുവാൻ ഉത്തരവാകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ തസ്തിക പുനഃനിർണ്ണയം നടത്തിയിരുന്നു. പുനഃനിർണ്ണയം നടത്തിയപ്പോൾ ഏഴാം ക്ലാസ്സിൽ ഒരു ഡിവിഷൻ കുറയുകയും തൽഫലമായി ഒരു യു.പി.എസ്.റ്റി തസ്തിക ഡിവിഷൻ നഷ്ടപ്പെടുന്നു. ആയതിനാൽ കെ.ഇ.ആർ അദ്ധ്യായം 23 റൂൾ 12 ഇ(3) നോട് റൂൾ 16 ചേർത്ത് വായിച്ചതിൻ പ്രകാരമുള്ള അധികാരം വിനിയോഗിച്ച് കുതാളി ഇ.വി.യു.പി. സ്കൂളിൽ 2024-25 അധ്യയന വർഷത്തെ തസ്തിക നിർണ്ണയത്തിൽ ഏഴാം ക്ലാസ്സിലെ ഒരു അധിക ഡിവിഷൻ കുറവ് ചെയ്തും ഒരു യു.പി.എസ്.ടി തസ്തിക റദ്ദ് ചെയ്തും ഉത്തരവായിരുന്നു.

തുടർന്ന് വ്യാജ അഡ്മിഷനായി കണക്കാക്കിയിട്ടുള്ള വിദ്യാർത്ഥികൾക്കുള്ള ഉച്ചഭക്ഷണം, പാഠപുസ്തകങ്ങൾ, യൂണിഫോം, സ്കോളർഷിപ്പുകൾ, അദ്ധ്യാപകരുടെ ശമ്പളം തുടങ്ങിയ ഇനത്തിൽ സർക്കാരിന് നഷ്ടമായ തുക അച്ചടക്ക നടപടിയുടെ ഭാഗമായി ഈടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ പാറശാല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറെയും കൂടാതെ വ്യാജ അഡ്മിഷന് ഉത്തരവാദികളായ പ്രധാന അദ്ധ്യാപകൻ, വ്യാജ അഡ്മിഷൻ റോളിൽ തുടരാൻ സഹായിച്ച ക്ലാസ്സ് അദ്ധ്യാപകർ എന്നിവർക്കെതിരെ കേരള വിദ്യാഭ്യാസ

നിയമം 1958 സെക്ഷൻ 12 (എ) പ്രകാരം നടപടി സ്വീകരിക്കുവാൻ തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടർക്കും നിർദ്ദേശം നൽകിയിരുന്നു.

4. സർക്കാർ ഈ വിഷയം ലഭ്യമായ റിപ്പോർട്ടുകളുടെയും നിലവിലെ ചട്ടങ്ങളുടെയും ഹിയറിംഗിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ ഈശ്വരവിലാസം യു.പി. സ്കൂളിൽ അനധികൃത മാർഗത്തിലൂടെ കുട്ടികളെ ചേർത്ത് അധിക ഡിവിഷൻ സൃഷ്ടിച്ചതായി പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സൂപ്പർ ചെക് സെൽ 20/02/2025, 14/03/2025 തീയതികളിൽ ആകസ്മിക പരിശോധന നടത്തുകയുണ്ടായി. രണ്ട് പരിശോധനകളിലും പൊതുവിൽ ഹാജരില്ലാത്തതും ആറാം സാധ്യായ ദിവസത്തിനു ശേഷം റ്റി.സി അനുവദിച്ചതും ആയ കുട്ടികളെ ഒഴിവാക്കി 2024-25 അധ്യായന വർഷത്തിലെ തസ്തിക നിർണയം ക്രമീകരിച്ചപ്പോൾ, ഏഴാം ക്ലാസിലെ ഇഫക്റ്റീവ് സ്ട്രെങ്ത് 36 ആയിരുന്നതിൽ നിന്ന് 30 ആയി മാറി. ഇതിൽ അഞ്ചു കുട്ടികൾ 2024-25 അധ്യയന വർഷത്തിൽ വാർഷിക പരീക്ഷ എഴുതി പ്രൊമോഷൻ ലഭിച്ച് അടുത്ത ക്ലാസുകളിൽ തുടർ പഠനം നേടിയിട്ടുള്ളവരാണെന്ന് സ്കൂൾ മാനേജർ അറിയിച്ച സാഹചര്യത്തിൽ അഞ്ച് കുട്ടികളെ കൂടി ഉൾപ്പെടുത്തി തസ്തിക പുനർ നിർണ്ണയിച്ചാലും ഏഴാം ക്ലാസിൽ ഒരു കുട്ടി കുറയും. അപ്രകാരം കുറവ് ചെയ്യുമ്പോൾ ഒരു ഡിവിഷൻ നഷ്ടപ്പെടുന്ന അവസ്ഥയാണ്.

5. കുറവു ചെയ്യപ്പെട്ട ഒരു കുട്ടി മുഹമ്മദ് യാസീൻ മാതാപിതാക്കൾ കന്യാകുമാരി ജില്ലയിലേക്ക് താമസം മാറിയതിനാൽ ഇപ്പോൾ കളിയിക്കാവിള സ്കൂളിൽ പഠിക്കുകയാണെന്നും ആറാം ദിവസം ടി വിദ്യാർഥി ഹാജർ ഉണ്ടായിരുന്നതിനാൽ ഇയാളെ കൂടി ഉൾപ്പെടുത്തി ഡിവിഷൻ കുറവ് ചെയ്ത നടപടി ഒഴിവാക്കണമെന്നുമാണ് ഹർജിക്കാരന്റെ ആവശ്യം. എന്നാൽ സൂപ്പർ ചെക്ക് പരിശോധനയിൽ പങ്കെടുത്ത വിദ്യാഭ്യാസ ഓഫീസർമാർ ഈ വിദ്യാർത്ഥി ബോഗസാണെന്ന ഉറച്ച നിലപാടിലാണ്. ആറാം സാധ്യായ ദിവസത്തിനു ശേഷം നൽകിയ റ്റി.സി. സംബന്ധിച്ച വിവരം പ്രഥമ അധ്യാപിക ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറെ അറിയിച്ചില്ല എന്ന കാര്യം കൂടി പരിഗണിക്കേണ്ടതുണ്ട്. ബോഗസ് ആയി കുട്ടികളെ ചേർക്കുന്നുവെന്ന് സ്ഥിരമായി പരാതി ഉള്ള സ്കൂൾ ആണെന്ന് വിദ്യാഭ്യാസ ഓഫീസർമാർ ശ്രദ്ധയിൽപ്പെടുത്തി.

6. 2024-25 അദ്ധ്യയന വർഷത്തിൽ ഏഴാം ക്ലാസ്സിലെ ഇഫക്റ്റീവ് സ്ട്രെങ്ത് 36 ആണ്. ആറാം സാധ്യായ ദിവസത്തിന് ശേഷം ഒരു കുട്ടിയെ റിമൂവ് ചെയ്തിട്ടുണ്ട്. സൂപ്പർ ചെക്ക് സെല്ലിന്റെ രണ്ട് പരിശോധനയിലും പൊതുവായി ഹാജരില്ലാത്ത 5 കുട്ടികളെ ഉൾപ്പെടുത്തിയാലും ആറാം പ്രവർത്തി ദിനത്തിന് ശേഷം റീമൂവ് ചെയ്തിട്ടുള്ള ഒരു കുട്ടിയെ കുറവ് ചെയ്യുമ്പോൾ തന്നെ എഴാം ക്ലാസ്സിൽ ഒരു ഡിവിഷൻ നഷ്ടപ്പെടുന്നുണ്ട്. ഒരു ഡിവിഷൻ നഷ്ടപ്പെടുമെന്ന് വ്യക്തമായിരുന്നിട്ടും, ആറാം സാദ്ധ്യായ ദിവസത്തിന് ശേഷം നൽകിയ ടി.സി. സംബന്ധിച്ച് കെ.ഇ.ആർ. അദ്ധ്യായം XXIII ചട്ടം 12 (8) പ്രകാരം പ്രഥമാധ്യാപിക ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറെ അറിയിച്ചിരുന്നില്ല.

7. മേൽ സാഹചര്യത്തിൽ, പാറശാല ഉപജില്ലയിലെ കുതാളി ഈശ്വരവിലാസം യു. പി. സ്കൂളിലെ 2024-25 അധ്യയന വർഷത്തെ തസ്തിക നിർണയത്തിൽ ഏഴാം ക്ലാസിൽ അനധികൃതമായി സൃഷ്ടിച്ച ഒരു അധിക ഡിവിഷൻ കുറവ് ചെയ്ത് ഒരു യു.പി.എസ്.റ്റി. തസ്തിക റദ്ദ് ചെയ്ത വിദ്യാഭ്യാസ ഓഫീസർമാരുടെ നടപടിയും, തസ്തിക നഷ്ടപ്പെടുമെന്ന് ഉറപ്പുണ്ടായിട്ടും കുട്ടികളുടെ കുറവ് ബോധപൂർവ്വം വിദ്യാഭ്യാസ ഓഫീസർമാരിൽ നിന്നും മറച്ചു പിടിച്ച, വ്യാജ

അഡ്മിഷന് ഉത്തരവാദികളായ പ്രധാന അദ്ധ്യാപകൻ, വ്യാജ അഡ്മിഷൻ റോളിൽ തുടരാൻ സഹായിച്ച ക്ലാസ്സ് അദ്ധ്യാപകർ എന്നിവർക്കെതിരെ കേരള വിദ്യാഭ്യാസ നിയമം 1958 വകുപ്പ് 12 (എ) പ്രകാരം വിദ്യാഭ്യാസ ഓഫീസർമാർ സ്വീകരിച്ച നടപടി ശരിവച്ചു കൊണ്ട് മാനേജർ സമർപ്പിച്ച ഹർജി നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം. (ആമുഖ കത്ത് സഹിതം)
ശ്രീ.ഇ.ബാലചന്ദ്രൻ നായർ, മാനേജർ, ഇ.വി.യു.പി. സ്കൂൾ, കുതാളി, പാറശ്ശാല-695 505.
പ്രധാനാദ്ധ്യാപകൻ, ഇ.വി.യു.പി. സ്കൂൾ, കുതാളി, പാറശ്ശാല-695 505.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം-695 036.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, അട്ടൂർ, പാറശ്ശാല.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ1/130/2025/പൊവിവ)

ഉത്തരവിൻ പ്രകാരം
Signed by
Abeeja Raj B
Date: 29-04-2026 15:59:54
സെക്ഷൻ ഓഫീസർ